# നബിയുടെ ജീവിതം ഒരു നഖചിത്രം

പി.എം.എ ഖാദിർ

**രാത്രിയുടെ** അന്ത്യയാമത്തിൽ ആഇശ(റ) പെട്ടെന്നു ഉറക്കമുണരവെ, വിരിപ്പിൽ, തൊട്ടരികിൽ, പ്രവാചകൻ ദൈവ സന്നിധിയിൽ സാഷ്ടാംഗം പ്രണമിച്ചുകിടക്കുകയായിരുന്നു. മറ്റാരുടെയും മുമ്പിൽ കുനിയാത്ത ആ ശിരസ്സുയരവെ പ്രവാചകന്റെ കൺതടങ്ങളിൽ തിളങ്ങിയ കണ്ണുനീർതുള്ളികൾ, ചുറ്റും കുളിരു പുതച്ചുറങ്ങുകയായിരുന്ന ലോകത്തിനു വേണ്ടിയായിരുന്നു. വിശന്നൊട്ടിയ ഉദരത്തിൽ കല്ലു കെട്ടി, മദീനിക്കു ചുറ്റും കിടങ്ങുകീറവെ ആവേശത്തിന്റെ അഗ്നി ജ്വലിച്ച കണ്ണുകളായിരുന്നു ഇരുളിൽ നിറഞ്ഞുതുളുമ്പിയത്. അന്ത്യപ്രവാചകരുടെ ജീവിതം ചെമ്പു നാണ്യങ്ങൾ പോലെ എണ്ണിത്തിട്ടപ്പെടുത്താവുന്ന പദങ്ങളിൽ കുരുക്കിയിടാൻ ആർക്കുമാവില്ല.

ആമിനയുടെയും അബ്ദുല്ലയുടെയും മകനായി ജനിച്ച്, ഹലീമയെന്ന ഗ്രാമീണ സ്ത്രീയുടെ മുലപ്പാൽ നുകർന്ന് വളർന്ന അഴകാർന്ന ആ കൊച്ചുകുട്ടി മക്കയുടെ കണ്ണിലുണ്ണിയായി. കുടിച്ചും, കൊള്ളയടിച്ചും വീരഗാഥകളും പ്രേമഗീതങ്ങളുമാലപിച്ച് ജീവിച്ചിരുന്ന സമൂഹത്തിൽ മുഹമ്മദെന്ന ഖുറൈശി ബാലൻ അധർമത്താൽ പങ്കിലമാകാതെ ജീവിച്ചു. വ്യഭിചാരം വിവാഹമായിരുന്ന സാമൂഹിക വ്യവസ്ഥിതിയിൽ പാപത്തിന്റെ കൽമഷം കലരാതെ വളർന്നു. നഗ്നത ഉടുപ്പായിരുന്ന ചുറ്റുപാടിൽ ഒരു നിമിഷം നഗ്നനാവേണ്ടിവന്നപ്പോൾ ബോധരഹിതനായി.

ബാല്യത്തിൽ ഇടയനും കൗമാരത്തിലും യൗവനത്തിലും വ്യാപാരിയുമായ അദ്ദേഹത്തിന് അറബികൾ ഒരു ഓമനപ്പേര് നൽകി, അൽ അമീൻ. ആ പേരു കേൾക്കുന്ന മാത്രയിൽ അവർ കോൾമയിർക്കൊണ്ടു. 'കറുത്ത ശില'യുടെ പേരിൽ മക്ക രൂക്ഷമായ ആഭ്യന്തര കലഹത്തിന്റെ വക്കിലെത്തിനിന്നപ്പോൾ അൽഅമീൻ മക്കയെ രക്ഷിച്ചു. ചുറ്റുമുള്ള ലോകത്തിന്റെ അധഃസ്ഥിതിയിൽ ഹൃദയം വിതുമ്പി കരഞ്ഞുകൊണ്ട് നാൽപതുകാരനായ മുഹമ്മദ് ഹിറായിൽ ധ്യാനം ചെയ്തു. ഹിറാമലക്ക് മൂന്ന് നാഴിക അകലെ മക്ക സുഷുപ്തി കൊള്ളവെ, നിതാന്ത വിജനതയിൽ, ഒരു മൺചെരാതുപോലുമില്ലാതെ പരുക്കൻ പാറകൾക്കകത്തിരുന്നു. ഹൃദയം പോലെ ലോലനായ അദ്ദേഹം ദൈവത്തിങ്കലേക്ക് കൈക്കുമ്പിളുയർത്തി. ഖദീജ(റ) ചില സായന്തനങ്ങളിൽ അപ്പപ്പൊതിയുമായി ഗുഹാമുഖത്ത് വന്നു നിൽക്കുമ്പോൾ ഭർത്താവ് സുജൂദ് ചെയ്തു കിടക്കുന്നതു കണ്ടു. 'ലോകത്തിന്റെ അനുഗ്രഹം' ഹിറായുടെ പാറകൾക്കകത്ത് ഉയിർകൊണ്ടു വരികയായിരുന്നു.

ഒരർധരാത്രി ജിബ്രീൽ(അ)ന്റെ മുറുകുന്ന കരവലയത്തിൽനിന്നുകൊണ്ട് മുഹമ്മദ് ദൈവചനം ശ്രവിച്ചു: 'നീ വായിക്കുക; സ്രഷ്ടാവായ നിന്റെ നാഥന്റെ നാമത്തിൽ. രക്തപിണ്ഡത്തിൽനിന്നും അവൻ മനുഷ്യനെ സൃഷ്ടിച്ചു.'

മുഹമ്മദ് പ്രവാചകനായി. പ്രപഞ്ചത്തിന് സൃഷ്ടികർത്താവ് നൽകിയ ഒടുവിലത്തെ പ്രവാചകനായിരുന്നു അദ്ദേഹം. ദിവ്യബോധനം പ്രവാചകന്റെ ജീവിതാന്ത്യംവരെ തുടർന്നുപോന്നു. ഏകദൈവത്വത്തിലേക്കുള്ള പ്രവാചകന്റെ ക്ഷണം ബന്ധുക്കളിലും സ്നേഹിതരിലുമാരംഭിച്ചു. ഖദീജയും അലിയും സൈദും അബൂബക്റും ദിവ്യ ജ്യോതിസ്സിലേക്ക് വന്നുകഴിഞ്ഞപ്പോൾ തൗഹീദിന്റെ വിപ്ലവ പ്രഖ്യാപനം ലോകത്തോട് നടത്താൻ

ദൈവാജ്ഞയുണ്ടായി. പർവത ശിഖരത്തിൽ നിന്നുകൊണ്ട് പ്രവാചകൻ അറബികളെ വിളിച്ചു. അവർ താഴ്‌വരയിൽ നിൽക്കവെ പ്രവാചകൻ അവരെ സത്യത്തിലേക്കു ക്ഷണിച്ചു. താഴ്‌വരയിൽ ഒരു ശത്രുസൈന്യം കനത്തുവന്നു. പ്രവാചകരുടെയും സഹചാരികളുടെയും ത്യാഗനിർഭരമായ ജീവിതം അവിടെയാരംഭിച്ചു.

മർദനങ്ങൾ മൃഗീയമായിരുന്നു. ഓമനത്വത്തോടെ അൽഅമീനെന്നു വിളിച്ചിരുന്ന പ്രവാചകരെ അവർ കഴുത്തു ഞെരിച്ചു കൊലപ്പെടുത്താൻ ശ്രമിച്ചു. മുഖത്ത് കാർക്കിച്ചുതുപ്പി. അജ്ഞനായ ശത്രുവിന്റെ ഉരുക്കുമുഷ്ടികൾക്കകത്ത് കഴുത്തു ഞെരിഞ്ഞുകൊണ്ടിരിക്കുമ്പോൾ പ്രവാചകൻ അവന്റെ മുഖത്ത് കാരുണ്യത്തോടെ നോക്കി. മർദനങ്ങൾക്കിടയിലും പലരും ഒറ്റക്കൊറ്റക്ക് സത്യത്തിലണിനിരന്നുകൊണ്ടിരുന്നു.

സഹചാരികൾ ക്രൂരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ പ്രവാചകർ അവരെ അബ്സീനിയയിലേക്ക് യാത്രയാക്കി. അബ്സീനിയയിൽ അവർ സുരക്ഷിതരായി ജീവിച്ചു. സത്യനിഷേധികളുടെ രോഷം പൂർവാധികം ആളിക്കത്തി. പ്രവാചകരുടെ ശിരസ്സിന് അബൂജഹ്ൽ നൂറു ഒട്ടകവും ഭീമമായ തുകയും നൽകാൻ സന്നദ്ധനായി. അറേബ്യയുടെ ധീരതയായിരുന്ന ഉമർ, കണ്ണിൽ കത്തുന്ന കോപവും കൈയിൽ മിന്നുന്ന വാളുമായി പ്രവാചകരുടെ ശിരസ്സെടുക്കാൻ വെമ്പി. വഴിയിൽവെച്ച് ഉമറിന്റെ കണ്ണിലെ കോപം കണ്ണുനീരായി. കരളിലെ ഉദ്ധത സത്യവിശ്വാസമായി.

ഹംസയും ഉമറി(റ)ന്റെ മാതൃക സ്വീകരിച്ചപ്പോൾ കടിഞ്ഞാൺ കൈവിട്ടുപോകുന്നത് അറബികൾ കണ്ടു. അവരുടെ ശത്രുത ഭ്രാന്തമായി. ഹാശിം കുടുംബം മുഴുവൻ ബഹിഷ്കരിക്കപ്പെട്ടു. കീഴടങ്ങാൻ സന്നദ്ധരാകാതെ മൂന്നുവർഷങ്ങൾ അവരതു മുഴുക്കെ സഹിച്ചു. അപ്പോഴായിരുന്നു പ്രവാചകരുടെ ശക്തരായ രണ്ടു തൂണുകൾ നഷ്ടപ്പെട്ടത്. അബൂത്വാലിബ് മരിച്ചു. ഹിറാഗുഹക്കു മുമ്പിൽ അപ്പപ്പൊതിയുമായിവന്നു, ഭർത്താവ് പ്രാർഥന മുഴുമിക്കുവോളം ദീർഘനേരം കാത്തുനിന്നിരുന്ന, ആദ്യത്തെ ദിവ്യബോധനത്തിൽ പരിഭ്രാന്തനായ പ്രവാചകൻ അർധരാത്രിയിൽ വീട്ടിൽ വിയർത്തൊലിച്ചെത്തവെ സ്നേഹത്തോടെ സമാശ്വസിപ്പിച്ച ഖദീജ(റ) മരിച്ചു. ദുഃഖിതനായ പ്രവാചകൻ അഭയത്തിനായി ത്വാഇഫിലേക്ക് യാത്രയായി. ത്വാഇഫുകാർ അദ്ദേഹത്തെ മൂർച്ചയേറിയ കല്ലുകളെടുത്തെറിഞ്ഞാട്ടി. മൃദുലമായി മാറിലൂടെയും കവിൾത്തടങ്ങളിലൂടെയും ഒഴുകുന്ന ചോര കൈകൊണ്ട് തുടച്ച്, ത്വാഇഫിന്റെ അതിർത്തിയിൽ നിന്നുകൊണ്ട് ആ കൈകൾ പ്രവാചകൻ അല്ലാഹുവിങ്കലിലേക്കുയർത്തി; ഇവർക്ക് നീ പൊറുത്തുകൊടുക്കുക എന്നു പ്രാർഥിച്ചു.

മുഹമ്മദിന്റെ അധ്യാപനങ്ങൾ ശ്രവിച്ചുപോകരുതെന്ന് ഖുറൈശികൾ വിലക്കു കൽപിച്ചിരുന്നുവെങ്കിലും വെളിച്ചത്തെ ഉപരോധിക്കാൻ ഇരുട്ടുകൾക്ക് കഴിയുമായിരുന്നില്ല. മുഹമ്മദിലൂടെ മനുഷ്യരോട് സംസാരിച്ചത് സൃഷ്ടികർത്താവായിരുന്നു. അതു ശ്രവിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഒരു കൂറ്റൻ പർവതത്തിനു മീതെ അതവതരിപ്പിച്ചിരുന്നുവെങ്കിൽ പർവതം പൊട്ടിപ്പിളർന്നു ചിതറിപ്പോകുമായിരുന്നു. ദിവ്യബോധനം വിശ്വാസികളുടെ ഹൃദയത്തിൽ വെളിച്ചം പകർന്നു. ഹൃദയച്ചിപ്പിയിൽ വീണുകിട്ടിയ വിശ്വാസത്തിന്റെ മൺതരിയെ ദൈവാനുഗ്രഹത്താൽ അവർ ഉപാസിച്ചു മുത്താക്കി മാറ്റി.

മുഹമ്മദി(സ)നെ വധിച്ചുകളയാൻ സത്യനിഷേധികൾ തീരുമാനിച്ചു. മക്കയിലെ ഗോത്രത്തലവന്മാരടങ്ങുന്ന പ്രതിനിധിസംഘം വധദൗത്യ നിർവഹണത്തിന് തയാറെടുത്തു വരുന്നതിനിടെ രണ്ടു തീർഥാടനങ്ങൾക്കുള്ളിൽ എഴുപത്തഞ്ചു മദീനക്കാർ മക്കയിലെത്തി ഇസ്‌ലാം സ്വീകരിച്ചിരുന്നു. അവർ പ്രവാചകരോട് മദീനയിൽ ഒരു ഗുരുവിനെ ആവശ്യപ്പെട്ടു. മക്കയിലെ മുസ്‌ലിംകളെ തങ്ങൾ സ്വാഗതം ചെയ്യുമെന്ന് അഖബയിൽവെച്ച് അവർ രഹസ്യമായി ഉടമ്പടി ചെയ്തു. തുടർന്നു ഖുറൈശികളറിയാതെ മുസ്‌ലിംകൾ മദീനയിലേക്കു പലായനമാരംഭിച്ചു.

ഗോത്ര നായകന്മാർ വാളുകളുമേന്തി പ്രവാചകരുടെ വീടുവളഞ്ഞു. രാത്രിയിൽ തന്റെ വിരിപ്പിൽ അലി(റ)യെ കിടത്തി ഗോത്രനായകരുടെ മൂർച്ചയേറിയ കണ്ണുകൾക്കിടയിലൂടെ പ്രവാചകൻ മദീനയിലേക്ക് യാത്രയായി. മദീനയിലേക്കുള്ള പാതവക്കിൽ ചിലന്തിവലകളും പക്ഷി ക്കൂടുകളുമുള്ള ഗുഹയിൽ അബൂബക്റു(റ)മൊത്തു പതുങ്ങിയിരിക്കുമ്പോൾ ശത്രുക്കൾ കുതിരപ്പുറത്തേറി ഗുഹാമുഖത്തു വരികയും ഗുഹയിലേക്ക് നോക്കുകയും തിരിച്ചുപോവുകയും ചെയ്തു. ഗുഹക്കു മുമ്പിൽ ശത്രുക്കളുടെ കുതിരക്കുളമ്പുകൾ കണ്ട് പ്രവാചകരുടെ അന്ത്യനിമിഷങ്ങളെയോർത്ത് പരിഭ്രാന്തനായ അബൂബക്റിനെ ഗുഹയിലിരുന്നു പ്രവാചകൻ സാന്ത്വനപ്പെടുത്തകയായിരുന്നു; നമുക്കൊപ്പം അല്ലാഹുവുണ്ട്.

ലോകത്തെ മാറ്റിരചിക്കുന്നതിന് വേണ്ടിയായിരുന്നു ദൈവാജ്ഞയനുസരിച്ച് പ്രവാചകർ പലായനം ചെയ്തത്. അത് ഒരു പുതിയ യുഗത്തിന്റെ നാന്ദിയായിരുന്നു.

മക്കയിൽനിന്നെത്തിയ പലായകർക്ക് മദീനക്കാർ അഭയം നൽകി. രണ്ടു ഭാര്യയുള്ളവൻ ഒരുവളെ വിവാഹമോചനം ചെയ്ത് പലായകനു വിവാഹം ചെയ്തുകൊടുത്തു. അതിഥിക്കും ആതിഥേയനുമിടയിലെ ഉണങ്ങിയ അപ്പക്കഷണം ഒരാൾക്കുപോലും കഷ്ടിച്ചു തികയാതെ വന്നപ്പോൾ ആതിഥേയൻ തിന്നാതിരിക്കുന്നത് അതിഥി കാണാതിരിക്കാൻ വീട്ടുകാരി വിളക്കണച്ചു. സ്രഷ്ടാവിന്റെ മേൽനോട്ടത്തിൽ മദീനയിൽ ഒരു ജീവിത വ്യവസ്ഥ വികാസം പ്രാപിച്ചുകൊണ്ടിരുന്നു. ഏകദൈവ–പ്രവാചക–പരലോക വിശ്വാസങ്ങളിൽ അധിഷ്ഠിതമായ, അന്യൂനമായ ജീവിതവ്യവസ്ഥയായിരുന്നു അത്.

പ്രതികാരത്തിന്റെ വിഷപ്പല്ലുകളേന്തി മക്കയിലെ സത്യനിഷേധികൾ മദീനക്കരികിൽവെച്ചു മുസ്‌ലിംകളെ ആക്രമിച്ചുകൊണ്ടിരുന്നു. പ്രതിരോധാർഥം വാളെടുക്കാൻ അല്ലാഹു ആദ്യമായി

**മക്കയിൽനിന്നെത്തിയ പലായകർക്ക് മദീനക്കാർ അഭയം നൽകി. രണ്ടു ഭാര്യയുള്ളവൻ ഒരുവളെ വിവാഹമോചനം ചെയ്ത് പലായകനു വിവാഹം ചെയ്തുകൊടുത്തു. അതിഥിക്കും ആതിഥേയനുമിടയിലെ ഉണങ്ങിയ അപ്പക്കഷണം ഒരാൾക്കുപോലും കഷ്ടിച്ചു തികയാതെ വന്നപ്പോൾ ആതിഥേയൻ തിന്നാതിരിക്കുന്നത് അതിഥി കാണാതിരിക്കാൻ വീട്ടുകാരി വിളക്കണച്ചു. സ്രഷ്ടാവിന്റെ മേൽനോട്ടത്തിൽ മദീനയിൽ ഒരു ജീവിത വ്യവസ്ഥ വികാസം പ്രാപിച്ചുകൊണ്ടിരുന്നു.**

പ്രവാചകർക്ക് കൽപന നൽകി. മദീനയുടെ മൂന്നു മൈലകലെ ബദ്റിലെ താഴ്‌വരയിൽ ആദ്യത്തെ സത്യാസത്യ സംഘട്ടനം നടന്നു. തുഛമായ സൈന്യവും സന്നാഹവുമുണ്ടായിരുന്ന മുസ്‌ലിംകൾ സത്യനിഷേധികളുടെ വമ്പിച്ച സൈനിക സന്നാഹങ്ങൾക്കു മുമ്പിൽ വിജയശ്രീലാളിതരായി. യുദ്ധത്തിലെ നിർണായകമായൊരു നിമിഷത്തിൽ പ്രവാചകരുടെ കരളുരുകിയ പ്രാർഥനക്ക് അല്ലാഹു ഉത്തരം ചെയ്തു.

ജീവിത കാലത്തിനിടെ പ്രവാചകർ ഒമ്പത് യുദ്ധ– ഉപരോധങ്ങളിൽ പങ്കെടുത്തു. ധാരാളം സൈനിക സംരംഭങ്ങളെ ഒരുക്കിയയച്ചു. എല്ലാം അവകാശ ധ്വംസനങ്ങൾക്കെതിരിലായിരുന്നു. ഹിജ്റയുടെ ആറാം വർഷം തീർഥാടനാർഥം പ്രവാചകൻ സഹചാരികളൊത്ത് മക്കയിലേക്ക് തിരിച്ചു. ഹുദൈബിയയിൽവെച്ച് മുസ്‌ലിംകളുടെ മക്കാ പ്രവേശം തടയപ്പെട്ടു. സത്യനിഷേധികളുമായി സന്ധിചെയ്യാൻ പ്രവാചകൻ സന്നദ്ധനായി. സന്ധിപത്രത്തിലെ 'മുഹമ്മദുർറസൂലുല്ലാഹ്' എന്ന പദം മായ്ക്കാനുള്ള സത്യനിഷേധികളുടെ ആവശ്യം പ്രവാചകാനുയായികൾ കൂട്ടാക്കാതെ വന്നപ്പോൾ സ്വന്തം വിരലുകൾകൊണ്ട് പ്രവാചകർ അതു മായ്ച്ചുകളഞ്ഞു.

സിറിയ, ഈജിപ്ത്, പേർഷ്യ, യമൻ, അബ്സീനിയ എന്നിവിടങ്ങളിലേക്ക് പ്രബോധനാർഥം പ്രവാചകൻ ദൂതന്മാരെ അയച്ചുകൊണ്ടിരുന്നു. കോൺസ്റ്റാന്റിനോപ്പിളിന്റെ ചക്രവർത്തിയായ ഹിറാക്ലിയസ്സിനരികിലേക്കയച്ച ഒരു ദൂതനെ ഹിറാക്ലിയസ്സിന്റെ സൈന്യം വധിച്ചു കളഞ്ഞു. പകരം ചോദിക്കാൻ പ്രവാചകനയച്ച സൈന്യത്തിലെ നായകരായ സൈദും ജഅ്ഫറും അബ്ദുല്ല(റ)യും രക്തസാക്ഷികളുടെ കിരീടം ചൂടി. ഒടുവിൽ ഹിറാക്ലിയസ്സിന്റെ ആർത്തിരമ്പുന്ന സൈന്യത്തിനുമുമ്പിൽ 'ദിവ്യ ഖഡ്ഗം' ഖാലിദ്(റ) വിജയത്തിന്റെ ആരംഭം കുറിച്ചു തിരിച്ചുവന്നു.

മുസ്‌ലിംകളും മക്കയിലെ സത്യനിഷേധികളുമുണ്ടാക്കിയിരുന്ന സമാധാന സന്ധി മക്കക്കാർ ലംഘിച്ചപ്പോൾ സൈന്യവുമായി മക്കയിലേക്കു പുറപ്പെടാൻ പ്രവാചകർക്ക് ദൈവകൽപന ലഭിച്ചു. പതിനായിരം പേരടങ്ങുന്ന സൈന്യവുമൊത്ത് പ്രവാചകർ മക്കയുടെ കവാടം കടന്നു. രക്തം ചിന്തപ്പെടാത്ത യുദ്ധമായിരുന്നു അത്. മക്ക സത്യത്തിനു കീഴടങ്ങി. എട്ടുവർഷങ്ങൾക്കു മുമ്പൊരു രാത്രിയിൽ തന്റെ ജീവനെടുക്കാൻ വാളുമായി വീടുവളഞ്ഞ മക്കയിലെ സത്യനിഷേധികളോട് പ്രവാചകൻ പ്രഖ്യാപിച്ചു: നിങ്ങൾ സ്വതന്ത്രരാണ്. സുരക്ഷിതരാണ്.

കഅ്ബ വീണ്ടും വിശുദ്ധമായി. മക്കക്കാർ കൂട്ടത്തോടെ ഇസ്‌ലാമാശ്ലേഷിച്ചു കൊണ്ടിരുന്നു.

മക്കാവിജയത്തെക്കുറിച്ചറിഞ്ഞ ത്വാഇഫുകാർ വമ്പിച്ച ഒളിപ്പോർ സൈന്യങ്ങളുമായി പുറപ്പെട്ടു. ഹുനൈനിൽ ഇരു സൈന്യങ്ങളും ഏറ്റുമുട്ടി. യുദ്ധത്തിന്റെ ഏറ്റവുമൊടുവിൽ ത്വാഇഫ് നിരുപാധികം കീഴടങ്ങി.

അറേബ്യ മുഴുവൻ പ്രവാചകരുടെ തിരുവചനങ്ങൾ കേൾക്കാൻ ഓരോ നിമിഷവും അഭിലാഷത്തോടെ കാതുകൂർപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നു വീഴുന്ന കൽപനകൾ അപ്പാടെ സ്വീകരിക്കാൻ അവർ സന്നദ്ധരായിരുന്നു. എന്നിട്ടും ആ 'ചക്രവർത്തി' സിംഹാസനവും വെൺചാമരവുമാവശ്യപ്പെടാതെ, മദീനയിൽ തനിക്കഭയം നൽകിയവർക്കരികിലേക്ക് തിരിച്ചുപോയി. അവിടെ പ്രവാചകർ സ്വന്തം ചെരിപ്പ് തുന്നി. അദ്ദേഹത്തിന്റെ അടുപ്പിൽ തീ പുകയാതെ മാസങ്ങൾ കടന്നുപോയി. കാരക്കയും പച്ചവെള്ളവും കഴിച്ച് പ്രവാചകർ പ്രപഞ്ചത്തിലെ ഏറ്റവുമുൽകൃഷ്ടമായ ജീവിത വ്യവസ്ഥിതിയെ പൂർണതയിലെത്തിക്കാൻ യത്നിച്ചു.

അടുത്ത വർഷം ഒന്നര ലക്ഷത്തോളം അനുയായികളുമൊത്ത് പ്രവാചകർ മക്കയിൽ ഹജ്ജ് കർമത്തിനെത്തി. അറഫയിലൊരു പാറപ്പുറത്തുനിന്ന് വിശ്വചരിത്രത്തിലെ ഏറ്റവുമുൽകൃഷ്ടമായ മനുഷ്യാവകാശ പ്രഖ്യാപനം നടത്തി. അല്ലാഹുവിനെ സാക്ഷിനിർത്തി, 'ഞാനെന്റെ ദൗത്യം നിർവഹിച്ചില്ലയോ' എന്നു പ്രവാചകൻ ചോദിക്കവെ, അതിലെ വിടപറയലിന്റെ ധ്വനി കേട്ട് സദസ്സ് വിങ്ങിപ്പൊട്ടി. അവർ കണ്ണുകളൊപ്പവെ പ്രവാചകൻ പറഞ്ഞു: "ഞാൻ നിങ്ങളിൽ രണ്ടു കാര്യങ്ങൾ ഉപേക്ഷിക്കുന്നു. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതന്റെ ചര്യയും. അവ നിങ്ങൾ മുറുകെ പിടിക്കുക. നിങ്ങൾ വഴി തെറ്റില്ല." അവ "ഇവിടെ സന്നിഹിതരായവർ അല്ലാത്തവർക്കു എത്തിച്ചുകൊടുക്കട്ടെ"യെന്നു പ്രവാചകൻ ആഹ്വാനം ചെയ്തു.

മദീനയിൽ തിരിച്ചെത്തിയ പ്രവാചകർ രോഗഗ്രസ്തനായി. അന്ത്യനിമിഷങ്ങളടുത്തുകൊണ്ടിരിക്കെ ശയ്യയിൽ കിടന്നുകൊണ്ടു പ്രവാചകർ പറഞ്ഞു:

"അനീതിപൂർവം ഞാനാരെയെങ്കിലും ഗുണദോഷിച്ചുവെങ്കിൽ എന്റെ പുറം ഞാനവന്നു നൽകുന്നു, അവിടെ ചാട്ടവാറുകൊണ്ട് അടിക്കട്ടെ. ഞാനാരെയെങ്കിലും അപകീർത്തിപ്പെടുത്തിയെങ്കിൽ പരസ്യമായി എന്നെ അവൻ അപമാനിക്കട്ടെ. ആരുടെയെങ്കിലും അവകാശം എന്റെ പക്കലുണ്ടെങ്കിൽ അതവൻ സ്വീകരിക്കട്ടെ." ഒരാൾ വന്നു മൂന്നു ദിർഹം ആവശ്യപ്പെട്ടു. പ്രവാചകൻ അതുനൽകി. ഈ ലോകത്തിലെ കടം ഓർമിപ്പിച്ചതിന് കൃതജ്ഞത രേഖപ്പെടുത്തി. അന്ത്യപ്രവാചകൻ തന്റെ ദൗത്യം പൂർത്തീകരിച്ചിരുന്നു. അല്ലാഹു തിരുദൂതരെ തിരിച്ചുവിളിച്ചു. ആഇശ(റ)യുടെ മടിത്തട്ടിൽ തലവെച്ചുകൊണ്ട് ആ ലോകാനുഗ്രഹി കണ്ണുകളടച്ചു. ഇന്നാ ലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ! ●

**അന്ത്യനിമിഷങ്ങളടുത്തുകൊണ്ടിരിക്കെ ശയ്യയിൽ കിടന്നുകൊണ്ടു പ്രവാചകർ പറഞ്ഞു: "അനീതിപൂർവം ഞാനാരെയെങ്കിലും ഗുണദോഷിച്ചുവെങ്കിൽ എന്റെ പുറം ഞാനവന്നു നൽകുന്നു, അവിടെ ചാട്ടവാറുകൊണ്ട് അടിക്കട്ടെ. ഞാനാരെയെങ്കിലും അപകീർത്തിപ്പെടുത്തിയെങ്കിൽ പരസ്യമായി എന്നെ അവൻ അപമാനിക്കട്ടെ. ആരുടെയെങ്കിലും അവകാശം എന്റെ പക്കലുണ്ടെങ്കിൽ അതവൻ സ്വീകരിക്കട്ടെ."**